**#TBMoviePanel** - ലോക സിനിമകൾ

Film : 3-Iron (2004)
Language : Korean
Genre : Crime, Drama & Romance
Director : Kim Ki Duk

കിം കി ഡുക്ക്.

കോൺടെമ്പററി സിനിമയുടെ ലോകത്ത് സ്വന്തമായ കയ്യൊപ്പ് ചാർത്തിയ സൗത്ത് കൊറിയൻ സംവിധായകൻ. അദ്ദേഹത്തിന്റെ സിനിമകൾ സ്വന്തമായി ഒരു genre ആയി തന്നെ വിലയിരുത്തപ്പെടാറുണ്ട് പലപ്പോഴും.

പാരീസിലെ ഫൈൻ ആർട്ട് പഠനത്തിന് ശേഷം 1996ൽ Crocodile എന്ന ലോ ബഡ്ജറ്റ് സിനിമയിലൂടെ അരങ്ങേറ്റം. നിരൂപക പ്രശംസ നേടിയ ആദ്യ സിനിമയ്ക്ക് ശേഷം 98ൽ ഇറങ്ങിയ The Isle എന്ന നാലാം സിനിമയിലൂടെ കിം കി ഡുക്ക് അന്താരാഷ്ട്ര പ്രശംസ നേടി. Spring, Summer, Fall, Winter, and Spring, Samaraitan Girl, 3-Iron, Pieta തുടങ്ങിയ ചിത്രങ്ങളാണ് ഏറെ പ്രശംസ നേടിയത്.

3-Iron എന്ന സിനിമ 2004 ലാണ് ഇറങ്ങിയത്. സിനിമയുടെ ടൈറ്റിലിന്റെ അർത്ഥം ഒഴിഞ്ഞ വീടെന്നാണ്. ആൾതാമസമില്ലാത്ത വീടുകളിൽ അതിക്രമിച്ചു കയറി താമസിക്കുന്നത് ശീലമാക്കിയ തേ സൂക്ക് എന്ന ചെറുപ്പക്കാരനാണ് നായകൻ. ഒഴിഞ്ഞുകിടക്കുന്ന വീടുകളിൽ കയറി സ്വന്തം വീടെന്ന രീതിയിൽ താമസിക്കുകയും അവിടുത്തെ സാധനങ്ങൾ ചിട്ടയിൽ ഒതുക്കി വയ്ക്കുകയും, കേടായിപ്പോയ ക്ലോക്കുകൾ, weighing machine പോലുള്ളവ നന്നാക്കി വയ്ക്കുകയും ചെയ്യുന്ന കഥാപാത്രം. താമസത്തിനിടെ വീട്ടിൽ വച്ച് സെൽഫികൾ എടുക്കുന്ന ശീലവുമുണ്ട് അവന്.

ഇത്തരത്തിൽ ഒരു വീട്ടിൽ കയറുന്ന തേ സൂക്കിനെ സുൻ ഹവ എന്ന മുൻ മോഡലായ വീട്ടമ്മ കാണുന്നു. സുൻ ഹവ വീട്ടിലുള്ളത് അറിയാതെയാണ് തേ സൂക്ക് വീട്ടിൽ കയറിയത്. അവളാകട്ടെ അവന്റെ പെരുമാറ്റം ഒളിച്ചിരുന്ന് നിരീക്ഷിക്കുന്നു. അവരുടെ ഭർത്താവ് Physically abusive ആണ്. അന്ന് നടന്ന തർക്കത്തിന് അവളെ ആവോളം ഉപദ്രവിച്ച ശേഷമാണ് അയാൾ ബിസിനസ് ട്രിപ്പിന് പോയിരിക്കുന്നത്.

സൂക്കും സുന്നും തമ്മിൽ വിചിത്രമായ ഒരടുപ്പം ഉടലെടുത്തു വരുന്നു. അപ്പോഴേക്കും ഭർത്താവ് വീട്ടിലേയ്ക്ക് എത്തുന്നു. സൂക്ക് അയാൾ കാണാതെ പുറത്തേയ്ക്ക് പോകുന്നു. ഭർത്താവ് സുന്നിനോട് തലേന്നത്തെ വഴക്കിനെ കുറിച്ച് സംസാരിയ്ക്കുന്നു. താൻ ഫോൺ വിളിച്ചപ്പോൾ എടുക്കാത്തതിന് അവളെ ശകാരിയ്ക്കുന്നു. അവർക്കിടയിലെ സംസാരം

പതുക്കെ കയ്യാങ്കളിയിലേയ്ക്ക് നീങ്ങുന്ന സമയം സൂക്ക് ഗോൾഫ് ബോളുകൾ കൊണ്ട് അയാളെ ആക്രമിച്ചു നിലംപരിചാക്കുന്നു. അതിന് ശേഷം ഇരുവരും ഒന്നിച്ചുള്ള യാത്ര തുടങ്ങുന്നു.

പിന്നീട് സൂക്കും സുന്നും ഒന്നിച്ചു പലരുടെ വീടുകളിൽ താമസിക്കുന്നതും അവർ നേരിടുന്ന സാഹചര്യങ്ങളുമാണ് സിനിമ. ഏറ്റവും രസകരമായ സംഗതി എന്താണെന്ന് വച്ചാൽ നായകൻ ഒരിയ്ക്കലും സംസാരിക്കുന്നില്ല. നായകനും നായികയും തമ്മിൽ ഒരു ഡയലോഗ് പോലുമില്ല. ഒന്നരമണിക്കൂറിൽ ഇരുപത് ഡയലോഗ് കാണും സിനിമയിൽ ആകെ. പക്ഷേ ഇതൊന്നുമില്ലാതെ തന്നെ അവർക്കിടയിൽ മനോഹരമായ ഒരു ബന്ധം തോന്നിപ്പിക്കാൻ സംവിധായകന് സാധിക്കുന്നുണ്ട്.

പശ്ചാത്തല സംഗീതവും, നീണ്ട ഷോട്ടുകളും സിനിമയുടെ മിഴിവേറ്റുന്നു. അവസാനത്തേയ്ക്ക് നീങ്ങുമ്പോൾ യാഥാർഥ്യവും മിഥ്യയും തമ്മിലുള്ള കണ്ണി എവിടെയാണ് ഛിന്നി പോയതെന്ന് സംവിധായകൻ നിങ്ങളോട് ചോദിയ്ക്കും. തലച്ചോറിന് കാര്യമായ ജോലി കൊടുക്കാതെ കാണാൻ ശ്രമിക്കുക, ഹൃദയത്തിൽ നിന്നുള്ളൊരു ചിരി നിങ്ങളുടെ ചുണ്ടിൽ വിരിയുമെന്ന് തീർച്ച.ബോക്സ് ഓഫീസിൽ സിനിമ 3 മില്യൺ ആണ് ഗ്രോസ് നേടിയത്.

അവാർഡുകൾ:
വെനീസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ FIPRESCI Prize, Little Golden Lion, SIGNIS Award, Silver Lion for best direction
Korean Association of Film Critics Awards: Best Screenplay
Valladolid Film Festival : Golden Spike Award
Blue Dragon Film Awards: Best New Actor
San Sebastian Film Festival :FIPRESCI Grand Prix
Belgian Syndicate of Cinema Critics : Grand Prix

Written By Sajan Ramandan